# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.15/302/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.15/302/2023 തീയ്യതി: 23/03/2023

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-06-2022 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ പി , ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന എ.പി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷീബ പി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. റഹിയാനത്ത് പി.കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിസിലി ബിന്ദു | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സലീഷ് എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സുരേഷ് ബാബു | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്) | 01-04-2021 | 25-07-2021 |
| | | 13-08-2021 | 13-02-2022 |
| ശ്രീമതി. പ്രിയ ആർ ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-07-2021 | 12-08-2021 |
| ശ്രീമതി. ശമീജ ഷാഫി | അസിസ്റ്റന്റ് എഞ്ചിനീയർ | 14-02-2022 | 31-03-2022 |
| ശ്രീമതി. ബിന്ദു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-08-2021 |
| ശ്രീ. പ്രശാന്ത് കരിമ്പിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-09-2021 | 31-03-2022 |
| ഡോ. സബീർ ഹുസൈൻ കെ.വി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. സംഗീത വി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിഷ പി.കെ. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. റംല ബീഗം എൻ. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ഡോ. ജസീറ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 30-09-2021 |
| ഡോ. രാജീവ് ഒ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-10-2021 | 31-03-2022 |
| ഡോ. സൽമ വി.പി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്. | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ. | 1-11 |
| 13 | മൃഗാശുപത്രിയും സബ് സെന്ററും വർഷങ്ങളായി വാടകകെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു. | 1-12 |
| 14 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCOയിൽ നിന്നും വാങ്ങൽ നടത്തി | 1-13 |
| 15 | RDO അനുമതി നൽകിയതിൽ കൂടുതൽ നിർമാണം നടത്തിയതിന് നമ്പർ അനുവദിച്ചു | 1-14 |
| 16 | പഞ്ചായത്തിലെ പകുതിയോളം അങ്കണവാടികളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു . | 1-15 |
| 17 | ഫലവൃക്ഷത്തൈ വിതരണം - വിതരണ രേഖകൾ ലഭ്യമാക്കിയില്ല. | 1-16 |
| 18 | പോഷകാഹാര വിതരണം - അപാകതകൾ. | 1-17 |
| 19 | കുടിവെള്ള വിതരണ പദ്ധതികൾക്ക് ജലനിധി വിഹിതം നൽകിയത്- പദ്ധതി പൂർത്തീകരണ വിവരവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമല്ല | 1-18 |
| 20 | ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 21 | ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-20 |
| 22 | മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ. | 1-21 |
| 23 | CPRCS വഴി പ്രിന്റർ വാങ്ങൽ- മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായിട്ടില്ല. | 1-22 |
| 24 | KMSCLന് മുൻകൂർ തുക നൽകി- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-23 |
| 25 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. | 1-24 |
| 26 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല. | 1-25 |
| 27 | റോഡ് സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ഉൾപ്പെട്ട നിരക്ക് അനുവദിച്ചു. | 1-26 |
| 28 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്.

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തീയ്യതി. | ( പുതുക്കിയത് ) തീരുമാന നമ്പർ/തിയ്യതി. |
|---|---|
| 1/19.02.2021 | 2(1)/ 25.02.2022 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2022 | 30.7.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 47627262 |
| വരവ് | 100663278 |
| ആകെ | 148290540 |
| ചെലവ് | 82707862 |
| നീക്കിയിരിപ്പ് | 65582678 |

### 1-4 ഫണ്ട് വിനിയോഗം 2021-22 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20253026 | 20253026 | 20243798 | 9228 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2854789 | 2854789 | 2695502 | 159287 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10992309 | 10992309 | 9438705 | 1553604 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6961295 | 6961295 | 6464376 | 496919 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 6185593 | 6185593 | 5786787 | 398806 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 8526306 | 8526306 | 562975 | 7963331 |
| ബി ഫണ്ട് | 0 | 68160160 | 68160160 | 68160160 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 87948679 | 174 | 65337312 | 0 | 42 | 80.55 |

### 1-5-1 പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിലും നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിലും പ്രൊജക്റ്റ് രൂപീകരണം, നിർവ്വഹണം എന്നിവയിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും മറ്റ് നടപടിക്രമങ്ങളും പൂർണ്ണമായി പാലിക്കുന്നില്ലെന്ന് കാണുന്നു. ശ്രദ്ധയിൽപെട്ട പോരായ്മകളും അപാകതകളും ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല .

പ്രൊജക്റ്റുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിംഗ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വർക്കിംഗ് ഗ്രൂപ്പ്. എന്നാൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതല്ലാതെ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ഇക്കാര്യത്തിൽ നിഷ്ക്രിയമാണ്. പദ്ധതി മോണിറ്ററിംഗ് നടക്കുന്നില്ല.

2. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല .

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.) നം. 72/2017 /ത.സ്വ.ഭ.വ, തീയതി 29.03.2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ് / റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പി.എച്ച്.സി.യിൽ വർഷംതോറും മെയിന്റനൻസ് ഫണ്ട്

ചെലവഴിക്കുന്നുണ്ടെങ്കിലും സ്ഥാപനത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ആശുപത്രി പ്രദാനം ചെയ്യുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങളോ ഇടപെടലുകളോ ആസ്തി സംരക്ഷണ പദ്ധതിയുടെ അഭാവം മൂലം ഉണ്ടാവുന്നില്ല.

പദ്ധതി രൂപീകരണ -നിർവ്വഹണ ഘട്ടങ്ങളിൽ മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 135320 | 295273 | 430593 | 430593 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6526864 | 6526864 | 6526864 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8160 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 3660800 | 292 |
| വിധവാപെൻഷൻ | 18580300 | 1281 |
| വാർദ്ധക്യകാലപെൻഷൻ | 37256200 | 2757 |
| വികലാംഗപെൻഷൻ | 7618700 | 539 |
| വിവാഹ ധനസഹായം | 540000 | 18 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 296000 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.02.2023 ന് 3.30 Pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53,305/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

2. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമല്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

3. പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.തെരുവ് വിളക്കുകളുടെ സ്ഥിതി വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. തെരുവ് വിളക്കുകളുടെ വിവരം ( എണ്ണം, ഇനം, സ്ഥാപിച്ച ലൊക്കേഷൻ, വാറന്റി തുടങ്ങിയവ) കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുണ്ട്.

5. പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ യഥാസമയം വരുത്തുന്നുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2022 | നവംബർ 2022 | 22.12.2022 |

| | | | |
|---|---|---|---|
| എ.ജി ഓഡിറ്റ് | 03.02.2017 | 2015-2016 | 29.03.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1). 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2). ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി).

4) താഴെപ്പറയുന്ന ഇനങ്ങളിൽ AFS, ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരമുള്ള ചെലവ് | ACR പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|
| Development Fund- General | 19967798 | 20243798 | 21588398 |
| Development Fund- SCP | 2678586 | 2695502 | 2678586 |
| Maintenance Fund-Road | 9118705 | 9438705 | 9118705 |
| CFC Untied | 8487056 | 5786787 | 5467471 |

5. B-4 പ്രകാരമുള്ള Suchithwa Mission, Total Sanitation, ICDSഎന്നീ തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-13/14.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 മൃഗാശുപത്രിയും സബ് സെന്ററും വർഷങ്ങളായി വാടകകെട്ടിടത്തിൽ തന്നെ പ്രവർത്തിയ്ക്കുന്നു.

നിർവഹണം : വെറ്ററിനറി സർജൻ
പ്രൊജക്ട് : മൃഗാശുപത്രിയ്ക്ക് വാടക (240/2022)
ചെലവ് :34500/-(ബിൽ നം 12/31.1.2022)

ഗ്രാമ പഞ്ചായത്തിന് നിയമം മൂലം കൈമാറിക്കിട്ടിയ സ്ഥാപനമായ മൃഗാശുപത്രിയും സബ്സെന്ററും 23 വർഷക്കാലമായി വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. മൃഗാശുപത്രി കൊടിഞ്ഞിയിലുള്ള ശ്രീ. പുളർ മൊയ്തീന്റെ ഉടമസ്ഥതയിലുള്ള 1/209 നം. കെട്ടിടത്തിലും സബ്സെന്റർ ശ്രീ. അലി ഹാജി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/144 നം. കെട്ടിടത്തിൽ വെള്ളിയാമ്പറത്തുമാണ് പ്രവർത്തിയ്ക്കുന്നത്. തിരൂരങ്ങാടി എൽ എസ് ജി ഡി അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 26.4.2016 ലെ ഡി2/ 581/16 നമ്പർ ഉത്തരവു പ്രകാരം മൃഗാശുപത്രി കെട്ടിടത്തിന് പ്രതിമാസം 2700 രൂപയും സബ്സെന്ററിന് 750 രൂപയും വാടക നൽകുന്നുണ്ട്.
ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മൃഗാശുപത്രിക്കും സബ്സെന്ററിനും കെട്ടിട സൗകര്യം ഒരുക്കേണ്ടതിന്റെ അനിവാര്യത ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഉടൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCOയിൽ നിന്നും വാങ്ങൽ നടത്തി

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്ട് | 286/2022, വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 871340/- മെയിന്റനൻസ് ഫണ്ട്-റോഡിതരം |
| ചെലവ് | 871297/- |
| ബിൽ റഫറൻസ് നമ്പർ/ തീയതി | 21150652035801461314 / 25.3.2022 |
| ഇൻവോയ്സ് നമ്പർ | 877/23.3.2022 |

മേൽ പ്രോജക്ട് പ്രകാരം ആർട്ട്കോയിൽ നിന്ന് നേരിട്ട് ഫർണിച്ചറുകൾ വാങ്ങി സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ പുറപ്പെടുവിച്ച GO(RT) 19/2019/SPD Dt. 13.05.2019, GO(RT) 20/2019/SPD Dt. 13.05.2019 എന്നീ ഉത്തരവുകളിൽ പരാമർശിച്ച സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിച്ച നിരക്കിന് വാങ്ങുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ മേൽ ഉത്തരവുകളിൽ അംഗീകരിക്കാത്ത സാധനങ്ങൾ ARTCO മുഖേന ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | റേറ്റ് | നികുതിയുൾപ്പെടെ ആകെ |
|---|---|---|---|

| | | | തുക |
|---|---|---|---|
| BABY CHAIR FIBER | 50 | 483 | 28497 |
| FIBER ARM CHAIR | 105 | 580 | 71862 |
| SPEECHING STAND WITH GLASS TOP | 3 | 7950 | 28143 |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 6/10.2.2023) 8.12.2016 ലെ G.O.(MS)No.1/2016/SPD ഉത്തരവ് പ്രകാരമാണ് വാങ്ങൽ നടത്തിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. വിവിധ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികളിൽ നിന്ന് ഇളവ് നൽകി ഓരോ കാലയളവിലും അവരിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങൾ, അവയ്ക്ക് നൽകാവുന്ന വില എന്നിവ സ്റ്റോർ പർച്ചേസ് വകുപ്പ് കാലാകാലങ്ങളിൽ പരിഷ്കരിച്ച് അംഗീകരിച്ച് നൽകുന്നുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങരുത് എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ വാങ്ങലുകൾ നടത്തുമ്പോൾ അതാത് സമയത്ത് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പാലിക്കാനും സർക്കാർ അനുമതിയുള്ള സാധനങ്ങൾ മാത്രം നേരിട്ട് വാങ്ങാനും ഗ്രാമ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 RDO അനുമതി നൽകിയതിൽ കൂടുതൽ നിർമാണം നടത്തിയതിന് നമ്പർ അനുവദിച്ചു

ശ്രീ. കുഞ്ഞിക്കമ്മുട്ടി ഹാജി എന്നവർ നമ്പറിങ്ങിനായി സമർപ്പിച്ച ചുവടെ ചേർത്ത അപേക്ഷ പരിശോധിച്ചു.

| | |
|---|---|
| അപേക്ഷകന്റെ പേര് | ശ്രീ. കുഞ്ഞിക്കമ്മുട്ടി ഹാജി, നെച്ചിക്കാട്ട് ഹൗസ് |
| ഫയൽ നമ്പർ | A5/3267/2021 തീയതി- 25.9.2021 |
| സർവ്വെ നമ്പർ | 300/15 (5.49 ആർ), 300/6, 303 3,5 (.95ആർ) |
| താലൂക്ക് | തിരൂരങ്ങാടി |
| വില്ലേജ് | നന്നമ്പ്ര |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | കെമേഴ്ഷ്യൽ കം റെസിഡൻഷ്യൽ |

ഫയലിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ സർവ്വെ നമ്പറുകളിൽ 300/6, 303/ 3, 5 സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയുടെ തരം 26.2.2018 ലെ 30765085 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരവും 300/15 സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയുടെ തരം 27.11.2017ലെ 1295/2017 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരവും നിലം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2018ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം, ചട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 23.12.2021ലെ നം.എഫ്-311/2021നമ്പർ ഉത്തരവ് പ്രകാരം നന്നമ്പ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 6 റീ.സർവ്വേ നമ്പർ 300/15- ൽപ്പെട്ട 10.66 ആർസ് നിലം ഭൂമി പുരയിടമാക്കി സ്വഭാവ വ്യതിയാനം വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 273.91 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിനാണ് നിർമാണാനുമതി നൽകിയിട്ടുള്ളത്. എന്നാൽ നമ്പറിംഗിനായി നൽകിയ അപേക്ഷ പ്രകാരം 946.12ച.മീ. (10183.9509 ചതുരശ്ര അടി) വിസ്തൃതിയിൽ ആണ് നിർമാണം പൂർത്തീകരിച്ചിരിക്കുന്നത്. നമ്പറിങ് അപേക്ഷ പ്രകാരം കെട്ടിടത്തിന് 1/182 A,B,C,D,E,F,G,H,I,J,K,L,M,N,O,P,Q,R,S എന്നീ നമ്പറുകൾ പഞ്ചായത്തിൽ നിന്നും അനുവദിക്കുകയും ആകെ 946.119 ച.മീ. വിസ്തീർണത്തിന് വസ്തുനികുതി നിർണയിക്കുകയും ചെയ്തിട്ടുണ്ട്.

2018ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം-12(9), പട്ടിക എന്നിവ പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ നിർമിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണം 3000 ചതുരശ്ര അടിയിൽ കൂടുതലാണെങ്കിൽ അധികം വരുന്ന ഓരോ ചതുരശ്ര അടിക്കും നൂറു രൂപാ നിരക്കിൽ ഫീസ് അടവാക്കേണ്ടതുണ്ട്. നിർമിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണത്തിലുള്ള വ്യത്യാസം കാരണം സർക്കാരിലേക്ക് വല്ല തുകയും ബാക്കി വരുന്ന പക്ഷം ആയത് അടക്കുവാൻ അപേക്ഷകൻ ബാധ്യസ്ഥനായിരിക്കുമെന്നും ഇക്കാര്യം കെട്ടിട നിർമാണാനുമതി നൽകുമ്പോൾ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണെന്നും RDO ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ RDO ഉത്തരവിന് വിരുദ്ധമായി നടത്തിയ അധിക നിർമാണത്തിന് സർക്കാരിലേക്ക് ഈടാക്കേണ്ട തുക അടവാക്കാതെയാണ് കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്. ആയതിന് വിശദീകരണം നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-5/10.2.2023) മറുപടി സമർപ്പിച്ചിട്ടില്ല. തുക ഈടാക്കി വിവരം രേഖാമൂലം അറിയിക്കുകയോ അപാകതയ്ക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-15 പഞ്ചായത്തിലെ പകുതിയോളം അങ്കണവാടികളും വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു .

പഞ്ചായത്തിനു കീഴിൽ ആകെ 37 അങ്കണവാടികളാണുള്ളത്. ഇതിൽ 17 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 20 അങ്കണവാടികൾക്ക് ഇനിയും സ്വന്തമായി സ്ഥലമോ കെട്ടിടമോ ആയിട്ടില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന അംഗനവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നമ്പർ. |
|---|---|---|
| 1 | കല്ലേറ്റുംകുഴി | 18/119 |
| 2 | പ്രവാസി നഗർ | 6/131 |
| 3 | ജയറാം പടി | 10/136 |
| 4 | കുണ്ടൂർ | 7/138 |
| 5 | കുണ്ടൂർ | 7/142 |
| 6 | ചെറുമുക്ക് | 4/145 |

| | | |
|---|---|---|
| 7 | പാണക്കത്തഴം | 17/146 |
| 8 | ചെറുപറ | 2/147 |
| 9 | ചെറുമുക്ക് ടൗൺ | 4/148 |
| 10 | കൊട്ടത്ത് പള്ളി | 2/149 |
| 11 | കടുവല്ലൂർ | 3/129 |
| 12 | പീടിയേയ്ക്കൽ | 13/117 |
| 13 | അതുക്കാട് | 5/143 |
| 14 | പാങ്ങാട്ടു പറമ്പ് | 8/118 |
| 15 | സലാമത്ത് നഗർ | 6/127 |
| 16 | മേലേപ്പുറം | 15/135 |
| 17 | മച്ചിങ്ങത്തഴം | 18/144 |
| 18 | ചുള്ളിക്കുന്ന് | 17/120 |
| 19 | ഇല്ലത്തു പള്ളിയാൽ | 15/128 |
| 20 | വെള്ളിയാംപുറം | 13/117 |

മേൽ അങ്കണവാടികൾക്ക് 2021-22 വർഷത്തിൽ പ്രൊജക്റ്റ് നം 40/2022 പ്രകാരം 2,11,020 രൂപ വാടക ഇനത്തിൽ ചെലവ് വന്നിട്ടുണ്ട്. മുഴുവൻ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15 /14.2.2023 ) ലഭ്യമാക്കിയ മറുപടിയിൽ 3 എണ്ണത്തിന് (ക്രമ നം 16,19,20) സ്ഥലം ലഭ്യമായതായി അറിയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 166 മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും പഞ്ചായത്തിന്റെ ചുമതലയാണ്. ആയതിനാൽ അവശേഷിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലുള്ള തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫലവൃക്ഷത്തൈ വിതരണം - വിതരണ രേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണം : കൃഷി ഓഫീസർ

പ്രൊജക്റ്റിന്റെ പേര് : ഫലവൃക്ഷത്തൈ വിതരണം 221/2021-22

അടങ്കൽ : 200000/-

ചെലവ് :144250/- ( ബിൽ നം 30/263.22)

183345 പ്ലാൻ ഫണ്ടും 16655 രൂപ തനതു ഫണ്ടും വകയിരുത്തി നടപ്പിലാക്കിയ ഫലവൃക്ഷത്തൈ വിതരണം പദ്ധതിയിൻ കീഴിൽ വി.എഫ്.പി.സി.കെ ആലത്തൂരിൽ നിന്നും 250 രൂപ നിരക്കിൽ (ഇൻവോയ്സ് നം 2298/16.3.22 ) 577 റംബൂട്ടാൻ ബഡ്സ് തൈകൾ വാങ്ങിയിട്ടുണ്ട്. 144250/- യാണ് ചെലവ് വന്നിട്ടുള്ളത്. രജിസ്റ്റർ പ്രകാരം 209 എണ്ണത്തിന്റെ വിതരണ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. വാങ്ങിയ മുഴുവൻ തൈകളുടേയും വിതരണ വിവരം, പദ്ധതിയുടെ പൂർത്തീകരണ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം.18/15.2.23 ന് മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ ചെലവു രേഖകളും ഹാജരാക്കുന്നതുവരെ 144250/ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 പോഷകാഹാര വിതരണം - അപാകതകൾ.

പ്രോജക്റ്റ് നം : പൂരക പോഷകാഹാര പദ്ധതി (ജനറൽ) 19/2021-22

മൊത്തം അടങ്കൽ- : 8532049/-

ചെലവ് :7681300/-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 37 അങ്കണവാടികളിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സ്, രാഗശ്രീ കുടുംബശ്രീ യൂണിറ്റ്, വേങ്ങര എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ. | ചെലവഴിച്ച തുക. | വൗച്ചർ നമ്പർ / ബിൽ നമ്പർ & തീയതി. | കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റിനു നൽകിയ തുക. | |
|---|---|---|---|---|
| | | | തൂക്കം Kg. | വില |
| 1 | 769726 | 4/13.721 | 1850 | 136945 |
| | | | 2775 | 205417 |
| | | | 3440 | 254588 |
| 2 | 773500 | 10/25.10.21 | 3600 | 26690 |

| | | | | |
|---|---|---|---|---|
| | | | 3500 | 259000 |
| | | | 3351.5 | 248010 |
| 3 | 736555 | 407087/29.1.22 | 3290 | 243542 |
| | | | 3285 | 243170 |
| | | | 3390 | 250943 |
| 4 | 173671 | 21/23.9.21 | 3120 | 230958 |
| 5 | 697208 | 23/23.9.21 | 3162 | 234067 |
| | | | 3165 | 234289 |
| | | | 37928.5 Kg | 2567619 |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1). ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത രാഗശ്രീ കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, വേങ്ങര എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. കൂടാതെ മേൽ സ്ഥാപനവുമായി ന്യൂട്രിമിക്സ് വിതരണത്തിന്റെ ഭാഗമായി പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

2) ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

അങ്കണവാടിയിലേത് ഉൾപ്പെടെയുള്ള കുട്ടികൾക്കാണ് പോഷകാഹാരം വിതരണം ചെയ്യുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ നിർദ്ദേശപ്രകാരമുള്ള പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 17/14.2.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 കുടിവെള്ള വിതരണ പദ്ധതികൾക്ക് ജലനിധി വിഹിതം നൽകിയത്- പദ്ധതി പൂർത്തീകരണ വിവരവും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമല്ല

ജലനിധി സുസ്ഥിര പദ്ധതിയുടെ സഹകാരം, ജനത എന്നീ കുടിവെള്ള വിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി ജലനിധി വിഹിതം 3,13,800/-രൂപ വൗച്ചർ നമ്പർ.22100092/20.05.21 പ്രകാരം ഗ്രാമപഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മിറ്റിയുടെ കാനറാ ബാങ്കിന്റെ (നന്നമ്പ്ര) 3786101010365നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. കേരളാ റൂറൽ വാട്ടർ സപ്ലൈ സാനിട്ടേഷൻ ഏജൻസി (KRWSA) മലപ്പുറം മേഖല പ്രോജക്ട് ഡയറക്ടർ, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മിറ്റി പ്രസിഡന്റ് എന്നിവർ ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഇതു പ്രകാരം ഹംസ, മഞ്ഞക്കാടൻ ഹൗസ്, പാലേമാട്, എടക്കര എന്ന വ്യക്തിയുമായി ജനത, സഹകാരം കുടിവെള്ള പദ്ധതികളുടെ കിണർ, പമ്പ് ഹൗസ്, വിതരണ ശൃംഖല എന്നിവയുടെ പുനരുദ്ധാരണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

പ്രവൃത്തി പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും, സെക്രട്ടറിയും ഒപ്പിട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് KRWSA ക്ക് നൽകേണ്ടതാണ്. എന്നാൽ ആയത് നൽകിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ജലനിധിയുടെ നിർദ്ദേശ പ്രകാരം പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായ 62,760/-രൂപ ആക്ടിവിറ്റി കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല.

ജലനിധി പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആയത് രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 08/21-22/10.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഹകാരം, ജനത എന്നീ കുടിവെള്ള വിതരണ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,13,800/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

2021-22 വർഷത്തിൽ സെക്രട്ടറി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം KSEB യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം & പേര് | ചെലവ് തുക | ബിൽ / ചെക്ക് | |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 251/22, വാർഡ് 10 ൽ സ്ട്രീറ്റ് ലൈറ്റിന് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 20000 (CFC) | 38/17.03.22 | KSEB വെന്നിയൂർ സെക്ഷൻ. |
| 2 | 238/22, സ്ട്രീറ്റ് ലൈറ്റിന് ഓട്ടോമാറ്റിക് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 25454 (CFC) | 39/17.03.22 | KSEB വെന്നിയൂർ സെക്ഷൻ. |
| 3 | 48/22, വാർഡ് 15 ൽ സ്ട്രീറ്റ് ലൈറ്റിന് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 12502 (തനത് ഫണ്ട്) | 22100379/18.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 4 | 204/22, വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ | 170780 (CFC) | 23/18.11.21 | KSEB വെന്നിയൂർ സെക്ഷൻ |
| 5 | 249/22, എം കുഞ്ഞീരുമ്മ റോഡിൽ സ്ട്രീറ്റ് മെയിൻ. | 74982 (CFC) | 37/15.03.22 | KSEB തിരൂരങ്ങാടി സെക്ഷൻ |
| 6 | 163/22, വാർഡ് 2 ൽ സ്ട്രീറ്റ് മെയിൻ. | 49914 (തനത് ഫണ്ട്) | 22100378/18.09.21 | KSEB തിരൂരങ്ങാടി സെക്ഷൻ |
| 7 | 162/22, വാർഡ് 21 ൽ സ്ട്രീറ്റ് മെയിൻ. | 99946 (തനത് ഫണ്ട്) | 22100380/18.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 9 | 18/22, വാർഡ് 15 ൽ സ്ട്രീറ്റ് മെയിൻ. | 99946 (വികസനഫണ്ട് ജനറൽ) | BRN-2115065200720038129 8 /07.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 10 | 46/22, വാർഡ് 12 ൽ സ്ട്രീറ്റ് മെയിൻ. | 48970 (വികസനഫണ്ട് ജനറൽ) | BRN-21150652007200381293 /07.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 11 | 17/22, വാർഡ് 14ൽ സ്ട്രീറ്റ് മെയിൻ. | 149860 (വികസനഫണ്ട് ജനറൽ) | BRN-21150652007200381277 /07.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 12 | 10/22, വാർഡ് 16ൽ സ്ട്രീറ്റ് മെയിൻ. | 47908 (വികസനഫണ്ട് ജനറൽ) | BRN-21150652007200381277 /07.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| 13 | 16/22, വാർഡ് 21ലെ റോഡിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | 160000 (വികസനഫണ്ട് ജനറൽ) | BRN-21150652007200381267 /07.09.21 | KSEB താനൂർ ഈസ്റ്റ് സെക്ഷൻ |
| | ആകെ ചെലവ് തുക | 960262 | | |

ഇത് സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1) പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) ക്രമ നം.9 മുതൽ 13 വരെയുള്ള പദ്ധതികളുടെ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,60,262/- രൂപ തടസ്സപ്പെടുത്തുന്നു.

അപാകതകൾ ഓഡിറ്റ് എൻക്വയറി നം.11/21-22/13.02.23 പ്രകാരം ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം- പദ്ധതി പൂർത്തീകരണ വിവരം ലഭ്യമല്ല.

| പ്രോജക്ട് നമ്പർ & പേര് | ചെലവ് തുക | വൗച്ചർ നമ്പർ |
|---|---|---|
| 278/22, ഡയാലിസിസ് രോഗികൾക്ക് ധനസഹായം - പഞ്ചായത്ത് വിഹിതം നൽകൽ. | 64000 (തനത്ഫണ്ട്) | 22100883/30.03.22 |

ഗ്രാമപഞ്ചായത്തിലെ ഡയാലിസിസ് രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന് മേൽ വൗച്ചർ പ്രകാരം 64,000/- രൂപ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം.1461/22, രോഗികൾക്ക് ധനസഹായം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് നിർവ്വഹണം നടത്തുന്നതും ജില്ലാ മെഡിക്കൽ ഓഫീസർ (അലോപതി) നിർവ്വഹണ ഉദ്യോഗസ്ഥനായി, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിക്കാണ് വിഹിതം നൽകിയിട്ടുള്ളത്. മലപ്പുറം ജില്ലയിലെ സ്ഥിര താമസക്കാർക്കാണ് ധനസഹായം നൽകുന്നത്.

ഗുണഭോക്തൃലിസ്റ്റ്, ജില്ലാപഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന വിവരം, ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/21-22/19.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 64,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ.

| പ്രോജക്ട് നമ്പർ & പേര്. | 205/22 (So), വാർഡ് 7 ൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 206/22 (So), വാർഡ് 8 ൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. | 207/22 (So), വാർഡ് 6 ൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ. |
|---|---|---|---|

| | | | |
|---|---|---|---|
| ചെലവ് തുക | 291365 (CFC) | 235245 (CFC) | 156830 (CFC) |
| ബിൽ നം. | 18/26.10.21 | 21/26.10.21 | 19/26.10.21 |
| ഇൻവോയിസ് നം . | KREWS/A197/20-21/17.03.21, 235245/- | KREWS/A196/20-21/17.03.21, 235245/- | KREWS/A198/20-21/17.03.21, 156830/- |
| മിനിമാസ്റ്റ് ലൈറ്റുകളുടെ എണ്ണം | 3 | 3 | 2 |

നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിലായി തുക ചെലവഴിച്ചിട്ടുണ്ട്. Kerala Rural Employment And Welfare Society (ക്രൂസ്) മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ക്രൂസിന്റെ വില വിവര പട്ടികയിലെ 4 X 50 W Mini Mast LED Flood Light With 6 Mtr Pole, With Foundation എന്ന ഇനം മിനിമാസ്റ്റ് ലൈറ്റുകളാണ് പർച്ചേസ് ചെയ്തത്. ഇത് കൂടാതെ മേൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വൈദ്യുതി കണക്ഷൻ ചാർജ് ഇനത്തിൽ ബിൽ നം. 18/26.10.21 പ്രകാരം 56,120/-രൂപയും കെ.എസ്.ഇ.ബി യുടെ വെന്നിയൂർ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ഇൻവോയിസ് പ്രകാരം സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചു എന്ന വിവരം, വാർഡ് മെമ്പർമാരുടെ പൂർത്തീകരണ റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

2) വിതരണം ചെയ്തതു മുതൽ 24 മാസം വിളക്കുകൾക്ക് വാറണ്ടിയുണ്ട്. വാറണ്ടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ടി മിനിമാസ്റ്റ് ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. അപാകത മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടും അപാകത പരിഹരിച്ചിട്ടില്ല.

3) പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. മിനി മാസ്റ്റ് ലൈറ്റുകളുടെ കേടുപാടുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കംപ്ലയിന്റ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

4) കൂടാതെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ച് എണ്ണം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/21-22/13.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ മുഴുവൻ അപാകതകളും പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 CPRCS വഴി പ്രിന്റർ വാങ്ങൽ- മുൻകൂർ തുക നൽകി - പ്രിന്റർ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. പേര് | 284/22, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങൽ. |
| ചെലവ് തുക | 95857 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം. തീയതി | 25/23.03.2022 |

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |

മേൽ പദ്ധതിയിൽ CPRCS പോർട്ടൽ വഴി ഒരു ഡെസ്ക്ടോപ് കംപ്യൂട്ടർ, പ്രിന്റർ & ഫോട്ടോകോപിയർ എന്നിവ ഓർഡർ നൽകിയതിൽ കംപ്യൂട്ടർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. പ്രിന്റർ & ഫോട്ടോകോപിയർ നാളിതുവരെ ലഭ്യമായിട്ടില്ല. സപ്ലൈ ഏജൻസിയായ കെൽട്രോൺ നൽകിയ പ്രൊഫോർമ ഇൻവോയിസ് (TVM/ITBG/PI/RC/36311/20-21, 11.03.21) പ്രകാരമുള്ള 45,060/- രൂപ മേൽ പ്രകാരമുള്ള ബില്ലിൽ നിന്നും പ്രിന്റർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന് മുൻകൂറായി നൽകിയിട്ടുണ്ട്. പ്രിന്റർ ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/21-22/10.02.22ന് മറപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രിന്റർ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ ഈ ഇനത്തിൽ ചെലവഴിച്ച 45,060/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 KMSCLന് മുൻകൂർ തുക നൽകി- മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (FHC) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി KMSCL ന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ & പേര് | മുൻകൂർ നൽകിയ തുക , ബിൽ/വൗച്ചർ നമ്പർ. | പ്രൊഫോർമ ഇൻവോയിസ് നമ്പർ. | ലഭ്യമായ മരുന്ന് (തുക) | അവശേഷിക്കുന്നത് (തുക) |
|---|---|---|---|---|
| 34/22, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 200000 (MGNR) 14/06.12.21 | PRF3500/23.11.21 | 170272 | 29728 |
| 38/22, പരിരക്ഷ പദ്ധതി | 200000 (MGNR) 16/06.12.21 | PRF3485/22.11.21 | 145552 | 54448 |
| 151/22, കോവിഡ് പ്രധിരോധ പ്രവർത്തനം, FHCയിലേക്ക് മരുന്ന് വാങ്ങൽ | 248021 (തനത്ഫണ്ട്) 22100675/29.01.22 | PRF3441/19.11.21 | 233149 | 14872 |
| 280/22, FHC യിലേക്ക് മരുന്ന് - അധിക തുക വകയിരുത്തൽ | 350421 (MGNR) 23/23.03.22 | PRF7148/21.03.22 | 299693 | 50728 |

മരുന്നുകൾ ലഭ്യമാക്കുന്നതിന് KMSCL ന് കത്ത് നൽകുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/21-22/13.02.23) മറുപടി നൽകിയിട്ടുണ്ട്. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.

2021-22ൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 21 വാർഡ് തല ശുചിത്വ സമിതികൾക്ക് നൽകുന്നതിനായി വൗച്ചർ നം.22100528/23.11.21 പ്രകാരം ശുചിത്വമിഷൻ ഫണ്ട് 2,10,000/-രൂപയും വൗച്ചർ നം.22100529/24.11.21 പ്രകാരം തനത് ഫണ്ട് 2,10,000/-രൂപയും മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

വാർഡ് സമിതികൾ ലഭ്യമാക്കിയ ചെലവ് രേഖകൾ, ക്യാഷ് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). 2021 നവംബർ മാസത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ തുക 2022-23 സാമ്പത്തിക വർഷത്തിലാണ് വാർഡ് സമിതികൾക്ക് നൽകിയിട്ടുള്ളത്. വാർഡ് സമിതികളുടെ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ 24.04.22 നാണ് 20,000/- രൂപ ലഭ്യമായതെന്ന് കാണുന്നു. ടി തുക 2022-23 ലാണ് ചെലവഴിക്കുന്നത്. ടി തുക ചെലവഴിക്കാതെ തന്നെ 2022-23 വർഷത്തേക്കുള്ള വിഹിതം നൽകുകയും

(നവംബർ-22) ചെയ്തിട്ടുണ്ട്. തുക ചെലവഴിക്കാതെ തന്നെ മുഴുവൻ തുകയും വിനിയോഗിച്ചു എന്ന് കാണിച്ച് ധനവിനിയോഗ സാക്ഷ്യപത്രം വൗച്ചറിനോപ്പം സൂക്ഷിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല.

2). പല വാർഡുകളും വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ. | 2021-22ൽ നൽകിയ 20,000/- രൂപയിൽ ചെലവഴിച്ച തുക. | 01.02.23ൽ വാർഡ് സമിതികളുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക. |
|---|---|---|
| 6 | 10000 | 30345 |
| 15 | 10000 | 30354 |
| 13 | 0 | 40537 |

3). 2022-23 വർഷത്തെ വിഹിതമായി നവംബർ 2022 ന് നൽകിയ 20000 രൂപ രേഖകൾ ലഭ്യമാക്കിയ എല്ലാ വാർഡുകളിലും നാളിതുവരെ ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/21-22/14.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

മഴക്കാലപൂർവ്വ ശുചീകരണത്തിനായി നൽകുന്ന ഫണ്ട് ശരിയായ രീതിയിൽ ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മുൻ വർഷങ്ങളിൽ നൽകിയ ഫണ്ട് മുഴുവൻ ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന് ശേഷം മാത്രം അടുത്ത ഗഡു നൽകേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വൽ, സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ വിവരം. | പൂർത്തീകരിക്കേണ്ട തിയ്യതി. | പൂർത്തീകരിച്ച തിയ്യതി. | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക. |
|---|---|---|---|---|
| 1 | കാരാട്ടിക്കളം ചട്ടിക്കളം റോഡ് നവീകരണം (184/22)<br>ടി.എസ്. 175000<br>ടി.എസ്. നം.18349/20-21<br>കരാറുകാരൻ. ശ്രീ. മുത്തു. പി.<br>പി.എ.സി- 156086<br>എഗ്രിമെന്റ് നം.13/AE /LSGD/NBRA/20-21/15.9.20<br>വൗച്ചർ നം. 22100893/31.3.2022<br>സൈറ്റ് എറ്റെടുത്തത്- | 14.3.2021 | 8.2.2022 | 8297/- (9747-1450)<br>[le, 14.3.2021 To 13.6.2021 (1% PAC) = 1561<br>14.6.21 To 13.9.2021 (2% PAC) = 3122<br>14.9.2021 To 13.12.2021 (2%PAC) = 3122<br>14.12.2021 – 7.2.2022 |

| | | | | |
|---|---|---|---|---|
| | 15.9.2020<br>എം.ബുക്ക് നമ്പർ-- 148/20-21<br>Duration- 6 Months (As Per TS Slip) | | | *56/90= 1942<br>റിമാർക്സ്<br>1450 രൂപ ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. |
| 2 | കോട്ടേരിത്താഴം റോഡ് റീടാറിംഗ് (176/22)<br>ടി.എസ്. 250000<br>ടി.എസ്.നം.105786/2019-20<br>കരാറുകാരൻ. ശ്രീ. നവാസുദ്ധീൻ. കെ.<br>പി.എ.സി- 222725<br>എഗ്രിമെന്റ 2/AE/LSGD /NBRA/20-21/8.5.2020<br>ബിൽ. നം. 2/ 11.8.2021<br>സൈറ്റ് ഏറ്റെടുത്തത് -8.5.2020<br>എം.ബുക്ക് നമ്പർ--76/20-21<br>Duration- 3 Months (As Per TS Slip) | 8.8.2020 | 22.2.2021 | 7374/-<br>[Ie, 8.8.2020 To 7.11.2020 (1% PAC)= 2227<br>08.11.20 To 07.2.2021 (2% PAC)= 4454<br>08.02.2021 To 21.2.2021*14/90 (2%PAC)= 693 |
| 3 | പയ്യോളി റോഡ് റീടാറിംഗ് (175/22)<br>ടി.എസ്. 400000<br>ടി.എസ്. നം. 80646/2019-20<br>കരാറുകാരൻ. ശ്രീ. നവാസുദ്ധീൻ. കെ.<br>പി.എ.സി- 351510<br>എഗ്രിമെന്റ 39/AE/LSGD /NBRA/19-20/28.11.2019<br>ബിൽ. നം. 15/ 25.11.2021<br>സൈറ്റ് ഏറ്റെടുത്തത് -28.11.2019<br>എം.ബുക്ക് നമ്പർ-- 152/19-20<br>Duration- 6 Months (ടി.എസ്. സ്ലിപ്പ് പ്രകാരം) | 27.5.2020 | 29.3.2021 | 19918 /-<br>[Ie, 27.5.2020 To 26.8.2020 (1% PAC) = 3515<br>27.8.2020 To 26.11.2020 (2% PAC) = 7030<br>27.11.2020 To 26.2.2021 (2%PAC) = 7030.<br>27.2.2021 - 28.3.2021*30/90 (2% PAC) = 2343 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 16/14.2.2023 നുള്ള മറുപടി പരിഗണിച്ച് ക്രമ നമ്പർ-2 ലെ പരാമർശം ഒഴിവാക്കി. എന്നാൽ ക്രമ നമ്പർ 1, 3 എന്നീ പ്രവൃത്തികളിൽ പൊതു മരാമത്ത് മാന്വലിലെ മേൽ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കരാറുകാരൻ കത്ത് നൽകിയിരുന്നുവെന്ന് മറുപടിയിൽ പ്രസ്താവിക്കുന്നുണ്ടെങ്കിലും ആയത് ഫയലിൽ ലഭ്യമല്ല. ഭരണ സമിതി കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുമില്ല. ആയതിനാൽ ക്രമ നം.1, 3 എന്നിവയിലെ പരാമർശം നിലനിൽക്കുന്നു. ഫൈൻ ഇനത്തിൽ 28215 (8297+ 19918) രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 റോഡ് സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ഉൾപ്പെട്ട നിരക്ക് അനുവദിച്ചു.

ചുവടെ ചേർത്തിട്ടുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ 1:2:4 (Nominal Mix) Cement Concreting ചെയ്തിട്ടുള്ളതിന് Mord സ്പെസിഫിക്കേഷൻ - 75.8.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ നിരക്ക് സൈഡ് ഷട്ടറിംഗ് ഉൾപ്പെട്ട നിരക്കാണ്. എന്നാൽ ടി- പ്രവൃത്തികൾക്ക് സൈഡ് ഷട്ടറിംഗിന്റെ ആവശ്യകതയുള്ളതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയോ Side Shuttering Provide ചെയ്തതായി അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ആവശ്യമില്ലെങ്കിൽ അനുവദിക്കാവുന്ന തുക (Observed Data പ്രകാരം) | റിമാർക്സ് |
|---|---|---|---|---|
| 1 | തെക്കഞ്ചേരി ഹംസ ഹാജി തണ്ടാശ്ശേരി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ-136//22<br>എം. ബുക്ക് - 225/19-20<br>അടങ്കൽ -176000 (പ്ലാൻ)<br>മൂല്യനിർണ്ണയം - 175500<br>കരാർ - 13/AE/LSGD /NBRA/21-22 /22.12.2021<br>ബിൽ നം-17/11.3.2022, 175500 രൂപ<br>കരാറുകാരൻ - ശ്രീ. A.M.K. അബ്ദുറഹ്മാൻ കുട്ടി<br>(29.8% ബിലോ)<br>Cost Index-36.44% (2018 DSR)<br>സാങ്കേതികാനുമതി തുക – 250000<br>TS No-61697 /2021-22 | 24.803 M3 X 8358.28/m3 = 207310 രൂപ<br>29.8 % Tender Below പ്രകാരം പരിമിതപ്പെടുത്തുന്നത്-<br>145532 | 24.803 M3 X 8036.81/m3 = 199337<br>29.8 % Tender Below പ്രകാരം പരിമിതപ്പെടുത്തുന്നത്-<br>139935 | സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ എന്ന് പരിശോധിച്ച് ഷട്ടറിംഗിന്റെ ആവശ്യകത<br>യില്ലെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |
| 2 | കളത്തിൽത്താഴം ഇടവഴി കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നമ്പർ- 54/22<br>എം. ബുക്ക് - 223/19-20<br>അടങ്കൽ -193000 (പ്ലാൻ)<br>മൂല്യനിർണ്ണയം - 154685<br>കരാർ - 06/AE/LSGD /NBRA/21-22 /20.12.2021<br>ബിൽ നം-19/11.3.2022, 154685 രൂപ<br>കരാറുകാരൻ - ശ്രീ. കോയക്കുട്ടി.പി.<br>(28.8% ബിലോ)<br>Cost Index-36.44% (2018 DSR)<br>സാങ്കേതികാനുമതി തുക-218000<br>TS No-61661/2021-22 | 20.592 M3 X 8358.28/m3 = 172113.7 രൂപ<br>28.8 % Tender Below പ്രകാരം പരിമിതപ്പെടുത്തുന്നത്-<br>122545 രൂപ | 20.592 M3 X 8036.81/m3 = 165494 രൂപ<br>28.8 % Tender Below പ്രകാരം പരിമിതപ്പെടുത്തുന്നത്-<br>117832 രൂപ | സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ എന്ന് പരിശോധിച്ച് ഷട്ടറിംഗിന്റെ ആവശ്യകത യില്ലെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |
| 3 | കൊടിഞ്ഞി യത്ത്ത്താഴം തട്ടത്തലം | 11.87 M3 X 7582.91/m3 = 90009 രൂപ | 11.87m3 X 7259.55/m3 = 86171 രൂപ | സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ |

| | | | | |
|---|---|---|---|---|
| | റോഡ്<br>പ്രോജക്ട് നമ്പർ- 228/22<br>എം. ബുക്ക് - 232/19-20<br>അടങ്കൽ -109000 (MGR-100000+ OF-9000)<br>മൂല്യനിർണ്ണയം - 109000<br>കരാർ - 43/AE/LSGD /NBRA/21-22 /27.12.2021<br>ബിൽ നം-20/11.3.2022,<br>കരാറുകാരൻ - ശ്രീ. നവാസുദ്ധീൻ. കെ,<br>(9% Above)<br>Cost Index-31.06% (2016 DSR)<br>സാങ്കേതികാനുമതി തുക-100000<br>TS No-35839/2021-22 | 9% Tender Above പ്രകാരം തുക<br>98110 രൂപ | 9% Tender Aboveപ്രകാരം തുക<br>93926 രൂപ | എന്ന് പരിശോധിച്ച് ഷട്ടറിംഗിന്റെ ആവശ്യകത യില്ലെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |
| 4 | സി.കെ. പടി ചാത്തങ്ങാട്ട് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ- 122/22<br>എം. ബുക്ക് - 231/19-20<br>അടങ്കൽ -327000 (OF)<br>മൂല്യനിർണ്ണയം - 327000<br>കരാർ - 49/AE/LSGD /NBRA/21-22 /27.12.2021<br>വൗച്ചർ നം-22100823 /17.3.2022,<br>കരാറുകാരൻ - ശ്രീ. നവാസുദ്ധീൻ. കെ,<br>(9% Above)<br>Cost Index-31.06% (2016 DSR)<br>സാങ്കേതികാനുമതി തുക-300000<br>TS No-38359/2021-22 | 32.41 M3 X 7574.25/m3 = 245481 രൂപ<br>9 % Tender Above പ്രകാരം തുക<br>267574 രൂപ | 32.41 M3 X 7259.55/m3 = 235282 രൂപ<br>9% Tender Above പ്രകാരം തുക<br>256457 രൂപ | 12451<br>(12 % ജി.എസ്.ടി. ഉൾപ്പെടെ)<br>കുറിപ്പ്- ഷട്ടറിംഗ് ചെയ്ത അളവിന് ആനുപാതികമായ തുക കുറച്ച് ബാക്കി തുക ഈടാക്കേണ്ടതാണ്. |
| 5 | ഇ.പി.കോയാമു മെമ്മോറിയൽ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നമ്പർ- 103/22<br>എം. ബുക്ക് - 227/19-20<br>അടങ്കൽ -164000 (OF)<br>മൂല്യനിർണ്ണയം - 162246<br>കരാർ - 33/AE/LSGD | 15.975 M3 X 7574.25/m3 = 120999 രൂപ<br>9 % Tender Above പ്രകാരം തുക<br>131889 രൂപ | 15.975 M3 X 7259.55/m3 = 115971 രൂപ<br>9 % Tender Above പ്രകാരം തുക<br>126408 രൂപ | 6139<br>(12 % ജി.എസ്.ടി. ഉൾപ്പെടെ) |

| | | | | |
|---|---|---|---|---|
| | /NBRA/21-22 /27.12.2021<br>വൗച്ചർ നം-22100838 /17.3.2022, 162246 രൂപ<br>കരാറുകാരൻ - ശ്രീ. നവാസുദ്ധീൻ. കെ,<br>(9% Above)<br>Cost Index - 31.06% (2016 DSR)<br>സാങ്കേതികാനുമതി തുക-150000<br>TS No-35862 /2021-22 | | | |
| 6 | കൊടിഞ്ഞി യത്ത്ത്താഴം കുഴിയംപറമ്പ് റോഡ് സെക്കന്റ് റീച്ച്<br>പ്രോജക്ട് നമ്പർ-267/22<br>എം. ബുക്ക് - 153/20-21<br>അടങ്കൽ -100000 (സി.എഫ്.സി.)<br>മൂല്യനിർണ്ണയം - 99989<br>കരാർ - 57/AE/LSGD /NBRA/21-22 /4.2.2022<br>ബിൽ നം-59 /27.3.2022, 99989 രൂപ<br>കരാറുകാരൻ - ശ്രീ. നവാസുദ്ധീൻ. കെ. (എസ്റ്റിമേറ്റ് നിരക്കിൽ)<br>Cost Index-36.44% (2018 DSR)<br>സാങ്കേതികാനുമതി തുക - 100000<br>TS No-75293 /2021-22 | 10.53 M3 X 8358.28/m3 = 88013രൂപ | 10.53 M3 X 8036.81/m3 = 84628 രൂപ | സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ എന്ന് പരിശോധിച്ച് ഷട്ടറിംഗിന്റെ ആവശ്യകത യില്ലെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |
| 7 | കുഞ്ഞാലിഹാജി സ്മാരക റോഡ്<br>പ്രോജക്ട് നമ്പർ-256/22<br>എം. ബുക്ക് - 145/20-21<br>അടങ്കൽ -200000 (സി.എഫ്.സി.)<br>മൂല്യനിർണ്ണയം - 173559<br>കരാർ - 60/AE/LSGD /NBRA/21-22 /4.2.2022<br>ബിൽ നം-53/27.3.2022, 173559 രൂപ<br>കരാറുകാരൻ - ശ്രീ. നവാസുദ്ധീൻ. കെ. | 15.75m3 X 8358.28/m3 = 131643 രൂപ | 15.75 M3 X 8036.81/m3 = 126580 രൂപ | സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ എന്ന് പരിശോധിച്ച് ഷട്ടറിംഗിന്റെ ആവശ്യകത യില്ലെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | (എസ്റ്റിമേറ്റ് നിരക്കിൽ)<br>Cost Index-36.44% (2018 DSR)<br>സാങ്കേതികാനുമതി തുക-200000<br>TS No-76601/2021-22 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-3/ 10.2.2023 നുള്ള മറുപടിയിൽ കോൺക്രീറ്റ് ചെയ്യുന്ന സമയത്ത് ഷട്ടറിംഗ് ആവശ്യമായ സൈഡുകളിലും Expansion Joints നൽകിയിട്ടുള്ള സ്ഥലങ്ങളിലും ആയത് ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ 13.1.2023 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ക്രമ നമ്പർ 4,5 എന്നീ പ്രവൃത്തികളുടെ സൈറ്റുകളിൽ സ്ഥല പരിശോധന നടത്തിയതിൽ ക്രമ നമ്പർ 4 ൽ 67 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ള റോഡിന്റെ ഒരു വശത്ത് 20 മീറ്ററോളം നീളത്തിൽ മാത്രമാണ് സൈഡ് ഷട്ടറിംഗ് ചെയ്തിട്ടുള്ളത്. ക്രമ നം. 5 ലെ പ്രവൃത്തിക്ക് സൈഡ് ഷട്ടറിംഗ് ആവശ്യമായി വരികയോ സൈഡ് ഷട്ടറിംഗ് ചെയ്യുകയോ ചെയ്തിട്ടില്ലെന്നും ബോധ്യപ്പെട്ടു. ആയതിനാൽ ക്രമ നമ്പർ 4 ലെ പ്രവൃത്തിയിൽ ഷട്ടറിംഗ് ചെയ്യാത്ത അളവിന് ആനുപാതികമായ തുകയും ക്രമ നമ്പർ 5 ലെ പ്രവൃത്തിയിൽ പട്ടികയിൽ വ്യക്തമാക്കിയ തുകയും പ്രസ്തുത കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റ് പ്രവൃത്തികളിൽ സൈഡ് ഷട്ടറിംഗ് പൂർണ്ണമായോ ഭാഗികമായോ ആവശ്യമായിരുന്നോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി ഷട്ടറിംഗിന്റെ ആവശ്യകതയില്ലെങ്കിൽ അധിക തുക തിരികെ ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-27 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്തിന് ഇ- ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.ലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 41359302055, എസ്.ബി.ഐ, കൊടിഞ്ഞി- ഐ.എഫ്.എസ്.സി – SBIN0071162) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 29.1.2023 ന് 74,640/- രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കാത്ത ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്. ഇ- ടെണ്ടറിന് വേണ്ടിയുള്ള മേൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് 18.10.2022 തിയ്യതിയിലാണ്. പ്രസ്തുത തിയ്യതിക്ക് ശേഷം നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീ മാത്രമാണ് ടി അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലും മുൻ വർഷങ്ങളിലും ഇ-ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ടെണ്ടർ ഫീയിനത്തിൽ ലഭിച്ച മുഴവൻ തുകയും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് ആയതിന്റെ വിവരവും കൂടാതെ മുൻ വർഷങ്ങളിലും ഓഡിറ്റ് വർഷത്തിലും ഇ-ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചതിന്റെ വിവരം / ആയതിന് സ്വീകരിച്ച തുടർ നടപടി വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 4/10.2.2023 നുള്ള മറുപടിയിൽ തുക എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനും അസി.എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള തുക തനത്ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ടെണ്ടർ ഫീ ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2941801 | 73/2022, സമഗ്ര നെൽകൃഷി വികസനം | 2941801 | 0 |
| | 871800 | 15/22, ലൈഫ് വീട് നിർമാണം-എസ്.സി | 871800 | 0 |
| | 500000 | 140/22, കല്ലിപ്പാങ്കണ്ടം കോട്ടപ്പഞ്ച റോഡ് ടാറിങ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | 20/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KSEB | 251/22, വാർഡ് 10 ൽ സ്ട്രീറ്റ് ലൈറ്റിന് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 38/17.03.22 | 20000 | 0 | പൂർത്തീകരിച്ചിട്ടില്ല | 20000 |
| | 238/22, സ്ട്രീറ്റ് ലൈറ്റിന് ഓട്ടോമാറ്റിക് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 39/17.03.22 | 25454 | 0 | പൂർത്തീകരിച്ചിട്ടില്ല | 25454 |
| | 48/22, വാർഡ് 15 ൽ സ്ട്രീറ്റ് ലൈറ്റിന് കൺട്രോൾ ബോക്സ് സ്ഥാപിക്കൽ. | 22100379/18.09.21 | 12502 | 0 | പൂർത്തീകരിച്ചിട്ടില്ല | 12502 |
| | 204/22, വാർഡ് 4 ൽ സ്ട്രീറ്റ് മെയിൻ | 23/18.11.21 | 170780 | 0 | പൂർത്തീകരിച്ചിട്ടില്ല | 170780 |
| | 249/22, എം കുഞ്ഞീരുമ്മ റോഡിൽ സ്ട്രീറ്റ് മെയിൻ | 37/15.03.22 | 74982 | 0 | പൂർത്തീകരിച്ചിട്ടില്ല | 74982 |
| | 163/22, വാർഡ് 2 ൽ സ്ട്രീറ്റ് മെയിൻ | 22100378/18.09.21 | 49914 | 0 | പൂർത്തീകരിച്ചിട്ടില്ല | 49914 |
| | 162/22, വാർഡ് 21 ൽ സ്ട്രീറ്റ് മെയിൻ | 22100380/18.09.21 | 99946 | 0 | പൂർത്തീകരിച്ചിട്ടില്ല | 99946 |
| | 18/22, വാർഡ് 15 ൽ സ്ട്രീറ്റ് മെയിൻ | BRN-21150652007 200381298/07.09.21 | 99946 | 0 | പൂർത്തീകരിച്ചിട്ടില്ല | 99946 |
| | 46/22, വാർഡ് 12 ൽ സ്ട്രീറ്റ് മെയിൻ | BRN-21150652007 200381293/07.09.21 | 48970 | 0 | പൂർത്തീകരിച്ചിട്ടില്ല | 48970 |
| | 17/22, വാർഡ് 14ൽ സ്ട്രീറ്റ് മെയിൻ | BRN-21150652007 200381277/07.09.21 | 149860 | 0 | പൂർത്തീകരിച്ചിട്ടില്ല | 149860 |
| | 10/22, വാർഡ് 16ൽ സ്ട്രീറ്റ് മെയിൻ | BRN-21150652007 200381277/07.09.21 | 47908 | 0 | പൂർത്തീകരിച്ചിട്ടില്ല | 47908 |
| | 16/22, വാർഡ് 21ലെ റോഡിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | BRN-21150652007 200381267/07.09.21 | 160000 | 0 | പൂർത്തീകരിച്ചിട്ടില്ല | 160000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1963668 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1963668 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2096216 |
| ഇക്വിറ്റി ഷയർ | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit) | 2096216 | P11600 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് (Share Certificate) | 500 | S.No.55. Dated.27/07/1977 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2002-03 | പൊതു പരാമർശം 10-1-3 | കുടിവെള്ള പദ്ധതി അപാകതകൾ | നടപടി തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-2 | ഡോ.ആർ. മുകുന്ദ വർമ മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം) | LF.9703/ Spl.Cell/ CSC/D1/11 Dt.15.12.2014 | 41800 | അടവാക്കിയിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 41800 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100663278 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82707862 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1527372 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 144250 | ശ്രീമതി. സംഗീത വി, കൃഷി ഓഫീസർ |
| 1-18 | 313800 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-19 | 960262 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-20 | 64000 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-22 | 45060 | ഡോ. സൽമ വി. പി. മെഡിക്കൽ ഓഫീസർ (FHC) |
| ആകെ | 1527372 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 3 |
| 2006-07 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 8 |
| 2007-08 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 12 |
| 2008-09 | കെ എസ് എ എം പി എം. 15/1270/2010 തിയ്യതി 6.12.2022 | 9 |
| 2009-10 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 11 |
| 2010-11 | കെ എസ് എ എം പി എം. 15/2147/2022 തിയ്യതി 30.9.2022 | 1 |
| 2011-12 | കെ എസ് എ എം പി എം. 15/2147/2022 (1) തിയ്യതി 30.9.2022 | 7 |
| 2012-13 | കെ എസ് എ എം പി എം. 15/2147/2022 (2) തിയ്യതി 30.9.2022 | 2 |
| 2013-14 & 204-15 | കെ എസ് എ എം പി എം. 15/2147/2022 (3) തിയ്യതി 30.9.2022 | 7 |

| | | |
|---|---|---|
| 2015-16 | കെ എസ് എ എം പി എം. 15/1/17 തിയ്യതി 07.12.17 | 9 |
| 2016-17 | കെ എസ് എ എം പി എം 15/1812/17 തിയ്യതി 22.06.18 | 16 |
| 2017-18 | കെ.എസ്.എ.എം.പി.എം15/260/2019<br>തിയതി: 29.05.2019 | 10 |
| 2018-19 | കെ.എസ്.എ.എം.പി.എം.15/283/2020<br>തിയതി: 17.06.2020 | 29 |
| 2019-20 | കെ.എസ്.എ.എം.പി.എം.15/825/2022<br>തിയതി: 12.10.2022 | 11 |
| 2020-21 | കെ.എസ്.എ.എം.പി.എം.15/1489/2022<br>തിയതി: 7.10.2022 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്